ശ്രീ. പി. പി. ഉമ്മർകോയ : ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിൽ ജോലി ചെയ്യുന്നവർക്ക് ശമ്പളവ്യത്യാസം ഉണ്ടാകാം. ഇലക്ട്രിസിറ്റി ബോർഡിലെ ശമ്പളസ്സ്കെയിലിന്റെ വിവരം എന്റെ കൈവശം ഇല്ല.

ശ്രീ. ഈ. പി. ഗോപാലൻ : ഇൻജിനീയറന്മാരുടെ ഒരു ആൾ ഇൻഡ്യാ കേഡർ ഉണ്ടാക്കുന്ന കാര്യത്തെപ്പറ്റി ഈ ഗവണ്മെന്റും കേന്ദ്ര ഗവണ്മെന്റുമായി എന്താലോചനയാണ് നടത്തിയിട്ടുള്ളത്?

ശ്രീ. പി. പി. ഉമ്മർകോയ : ഈ കാര്യത്തിൽ ഈ ഗവണ്മെന്റിന്റെ അഭിപ്രായം കേന്ദ്രഗവണ്മെന്റു ആരാഞ്ഞിട്ടുണ്ട്. ഈ സംഗതിയോട് ഈ ഗവണ്മെന്റു അനുകൂലികരിക്കയാണ് ചെയ്തിരിക്കുന്നത്. ഇൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു അഖിലേൻഡ്യാ സർവ്വീസ് ഉണ്ടാക്കുന്നതു നല്ലതാണ് എന്നുള്ള അഭിപ്രായം ഇൻഡ്യാ ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ട്.

ശ്രീ. ഈ. പി. ഗോപാലൻ : ഈ ഡിപ്പാർട്ടുമെന്റിലെ ഏതു വിഭാഗത്തെയാണ് ഇങ്ങനെ അഖിലേന്ത്യാ സർവ്വീസിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. 'ടോപ്പ് റ്റു ബോട്ടം' എന്നുള്ള രീതിയാണോ അംഗീകരിച്ചിട്ടുള്ളത് ?

ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെയുള്ള കാര്യങ്ങളൊന്നും തീരുമാനിച്ചുകഴിഞ്ഞിട്ടില്ല. അതാണ് ഞാൻ നേരത്തെ പറഞ്ഞത് ഇതിനെപ്പറ്റിയുള്ള വിശദാംശങ്ങളൊന്നും തീരുമാനിക്കപ്പെട്ടിട്ടില്ല എന്ന്.

ലോൺ കർശനമായി പിരിക്കുന്നതിന് എടുത്തിരുന്ന നടപടികൾ

* 796. [14] ശ്രീ. എം എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് താലൂക്കിൽ നിലംകൃഷിക്കാർ ഗവണ്മെന്റിൽനിന്നും ലോൺ എടുത്തിട്ടുള്ള പണത്തിൽ എത്ര രൂപ പിരിഞ്ഞു കിട്ടി ;

(ബി) ഇനിയും എത്ര പിരിയാനുണ്ട് ;

(സി) ഈ ലോൺ കർശനമായി പിരിക്കുന്നതിനു എടുത്തിരുന്ന നടപടികൾക്ക് വല്ല അയവും വരുത്തിയിട്ടുണ്ടോ ;

(ഡി) 5000 രൂപയിൽ കൂടുതൽ ലോൺ എടുത്തിരുന്നവർ എത്ര ;

(ഈ) അവരിൽ എത്രപേർ മുഴുവനായി പണം അടച്ചിട്ടുണ്ട് ?

നിയമവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ടി. എ. തൊമ്മൻ) :

(എ) 13,58,452 രൂപ പിരിഞ്ഞുകിട്ടി.

(ബി) 2,75,533 രൂപ പിരിയാനുണ്ട്.

(സി) ഇപ്പോൾ ഇല്ല.

(ഡി) 15 പേർ.

(ഈ) 5 പേർ.

ശ്രീ. എം. എം. മത്തായി : കഴിഞ്ഞ കാലങ്ങളിൽ എടുത്തിട്ടുള്ള ലോൺ തിരിച്ചടയ്ക്കുന്നതിന് വളരെയധികം ബുദ്ധിമുട്ട് സഹിക്കേണ്ടിവന്നിട്ടുണ്ട്. അതുകൊണ്ട് കൊയ്ത്തു സമയത്തു കൊയ്ത്തു തടസ്സപ്പെടുത്തുകയും വിളകൾ കൊണ്ടുപോകാൻ സമ്മതിക്കാതിരിക്കുകയും ചെയ്യുവരുന്നു. ഈ കഴപ്പം ഒഴിവാക്കുന്നതിലേയ്ക്കു കൊയ്ത്തു സമയത്തു ഒരു നിശ്ചിത വിലവച്ചു നെല്ല് ലോണായി സ്വീകരിക്കുന്നതിനു വേണ്ട ഏർപ്പാട് ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ് : ഇതേപ്പറ്റി ആലോചിക്കാതെ ഉത്തരം പറയാൻ നിവൃത്തിയില്ല.

ശ്രീ. തോമസ് ജോൺ : കുന്നാട്ടിൽ കശുവണ്ടി എന്ന രോഗം ബാധിച്ച് ഈ കൊല്ലത്തെ കുറച്ചു സമയത്തിനുള്ളിൽ നശിച്ചുപോയി എന്നുള്ളതിനെ പരിഗണിച്ച് വേണ്ട നടപടികളും തീർക്കാനും നിവൃത്തിവരുത്താനുള്ള നടപടികളും എടുക്കുമോ ?

ശ്രീ. ടി. വി. തോമസ് : വേണ്ട നടപടികളും തീർക്കാനും നിവൃത്തിവരുത്താൻ നിവൃത്തിയില്ല.

Cashew Afforestation Scheme.

* 797 [15] ശ്രീ. പി. കരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവു ചെയ്ത് മറുപടി തരുമോ:

(എ) കേരളത്തിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ Cashew Afforestation Scheme അനുസരിച്ച് എത്ര ഏക്കർ സ്ഥലത്ത് കശുമാവുകൃഷി ചെയ്തിട്ടുണ്ട്;

(ബി) ഇതിലേക്ക് ഇതുവരെയായി എത്ര രൂപ ചെലവായി;

(സി) ഇതിൽനിന്നും ഇതുവരെയായി എത്ര രൂപ ഗവണ്മെന്റിന് ആദായം കിട്ടി;

(ഡി) കൃഷിചെയ്ത സ്ഥലങ്ങളിലെല്ലാം ഇപ്പോഴും കശുമാവുണ്ടോ;

(ഈ) ഇല്ലെങ്കിൽ എത്ര ഏക്കർ സ്ഥലത്ത് കൃഷി നശിച്ചുപോയിട്ടുണ്ട്; അതിനുള്ള കാരണങ്ങൾ ഏവ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) 10,572ഏക്കർ സ്ഥലത്ത് കശുമാവു കൃഷി ചെയ്തിട്ടുണ്ട്.

(ബി) 8,65,359 രൂപ ചെലവായി.

(സി) 6,757 രൂപാ ആദായം ലഭിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഈ) അങ്ങിങ്ങായി പല സ്ഥലങ്ങളിലും കശുമാവ് കൃഷി നശിച്ചുപോയിട്ടുണ്ട്. ആ സ്ഥലങ്ങളെ സർവേ ചെയ്തിട്ടില്ലാത്തതിനാൽ കൃത്യമായി എത്ര ഏക്കർ സ്ഥലത്തെ കൃഷി നശിച്ചുപോയിട്ടുണ്ടെന്ന് പറയാൻ നിവൃത്തിയില്ല. ഉദ്ദേശം 786 ഏക്കർ സ്ഥലത്തെ കശുമാവു കൃഷി നശിച്ചുപോയിട്ടുണ്ടെന്നു പറയാം. അതിനുള്ള കാരണങ്ങൾ.

1 കള വളർന്ന് കശുമാവിൻ തൈകളെ നശിപ്പിച്ചു.

2 മൃഗങ്ങളുടെ ഉപദ്രവം.

3 കശുമാവു വെട്ടിമാറ്റി റബ്ബർപ്ലാന്റേഷനുവേണ്ടി ഉപയോഗിച്ചു എന്നിവയാണ് പ്രധാനമായിട്ടുള്ളവ.

ശ്രീ. കെ. എം. ജോർജ്: പറമ്പിക്കുളം മാതൃകയും കോഴിക്കോട്ട് ചില മാതൃകയും വളരെ വിസ്തൃതമായ എടിയായിൽ തീപിടിത്തം ഉണ്ടായതായും വളരെയധികം മരങ്ങൾ നശിപ്പിച്ചതായും പത്രങ്ങളിൽ വാർത്ത വരികയുണ്ടായി. അതിൽ ഈ കശുമാവുകൂടി ഉൾപ്പെട്ടുമോ?

ശ്രീ. എ. പി. ഗോവിന്ദൻ നായർ: കശുമാവുകൂടി ഉൾപ്പെടുത്തുവാൻ വേണ്ടി ചോദിച്ചതാണെന്നു തോന്നുന്നു. ആ കാര്യത്തെപ്പറ്റി അന്വേഷിച്ചതിൽ ഒറ്റ കശുമാവു തോട്ടം പോലും നശിച്ചതായി അറിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly